നിയമവും ജലസേചനവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി :

(എ) പല ശുദ്ധജലവിതരണ പദ്ധതികളിൽനിന്നും വിതരണം ചെയ്യുന്ന പൈപ്പുവെള്ളത്തിൽ രോഗാണുക്കളെ കണ്ടതായിട്ടുള്ള പരാതി ശുദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി). പ്രസ്തുത ഭാഗങ്ങളിൽനിന്നും ശുദ്ധജലത്തിന്റെ സാമ്പിൾ ശേഖരിച്ച് ഗവൺമെന്റ് ലാബറട്ടറിയിൽ പരിശോധിച്ചതിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം തികച്ചും തൃപ്തികരമാണെന്നു കണ്ടിട്ടുണ്ട്. എങ്കിൽത്തന്നെയും, ശുദ്ധജലത്തിൽ അണുനശീകരണം കൂടുതൽ കർശനമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഗാന്ധിജി സർവ്വകലാശാലയ്ക്ക് യു. ജി. സി. യുടെ അംഗീകാരം

* 24 [24] ശ്രീ. ബന്നി ബഹനാൻ :
,, സിറിഫൻ പാട്ടുവ :
,, ജോസ് കുറ്റ്യാനി :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിയ്ക്ക് യു. ജി. സി. യുടെ അംഗീകാരം ലഭിച്ചുവോ ;

(ബി) ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം എന്ത് ?

(സി) അംഗീകാരം നൽകാൻ യു. ജി. സി. നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി : (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി ആൻറ് സി) ഗാന്ധിജി യൂണിവേഴ്സിറ്റിയെ യു. ജി സി. യുടെ ധനസഹായത്തിന് അർഹമാണെന്ന് പ്രഖ്യാപിച്ചു കിട്ടാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് യു. ജി. സി. യെ സമീപിച്ചിരുന്നു. അപ്പോൾ യു. ജി. സി. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് യു. ജി. സി. യുമായി പലതവണ ചർച്ചകൾ നടത്തുകയും അവസാനം ആ ചർച്ചയിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ ഗാന്ധിജി യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് നിയമവകുപ്പ് ഒരു ഭേദഗതി ബില്ല് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭാ സമ്മേളനത്തിൽ ഇത് അവതരിപ്പിക്കുന്നതാണ്.

* 25 [25] ശ്രീ. കെ. പുരുഷോത്തമൻ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, എ. വി. അബ്ദുറഹിമാൻ ഹാജി :
,, ടി. കെ. അറുമുഖൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം ഇനിയും വിദ്യാർത്ഥികൾക്കു ലഭിച്ചിട്ടില്ലാത്ത പാഠപുസ്തകങ്ങൾ ഏതെല്ലാം; ഏതെല്ലാം ക്ലാസുകളിലെ;

(ബി) ഈ കാലതാമസത്തിനു കാരണം എന്തെന്നു വ്യക്തമാക്കുമോ ;

(സി) എന്നുമുതൽ പുസ്തകങ്ങൾ കൊടുക്കുവാൻ കഴിയും ;

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടി ഏതെല്ലാം പ്രസുകളെയാണു ഏൽപ്പിച്ചിട്ടുള്ളത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) രണ്ടാം ക്ലാസിലെ (ഭാഷാപുസ്തകത്തിലെ രണ്ടാംഭാഗം) പത്താം ക്ലാസിലെ ഭാരത സംസ്കാരം 7-ാം ക്ലാസിലെയും 9-ാം ക്ലാസിലെയും തമിഴ് ഉപപാഠപുസ്തകങ്ങൾ എന്നിവ വിതരണം ചെയ്തിട്ടില്ല.

(ബി) രണ്ടാം ക്ലാസിലെയും 10-ാം ക്ലാസിലെയും പാഠപുസ്തകങ്ങൾ യഥാക്രമം നവംബർ മാസത്തിലും ഡിസംബർ മാസത്തിനും ശേഷവും പഠിപ്പിക്കേണ്ടതായിട്ടുള്ളവയാണ്. അതിനാൽ കാലതാമസം ഉണ്ടായിട്ടില്ല. 7-ാം ക്ലാസിലെയും 9-ാം ക്ലാസിലെയും തമിഴ് പാഠപുസ്തകങ്ങൾ തമിഴ്നാട് ടെക്സ്റ്റ് ബുക്ക് സൊസൈറ്റിയിൽ നിന്നും വാങ്ങുന്നവയാണ്. പ്രസ്തുത പുസ്തകങ്ങളുടെ പതിപ്പുകൾ ആവശ്യത്തിനു ഇല്ലാതിരുന്നതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) നവംബറിൽ പഠിപ്പിക്കേണ്ട പുസ്തകം മാസം അവസാനവും അർദ്ധ പരീക്ഷക്കുശേഷം പഠിക്കുവാനുള്ളത് ഡിസംബർമാസഅവസാനവും വിതരണം ചെയ്യാൻകഴിയും.

(ഡി) പുതിയ പാഠപുസ്തകങ്ങളുടെ അച്ചടി താഴെപ്പറയുന്ന പ്രസുകളെ എൽപ്പിക്കുകയുണ്ടായി.

1 ടെക്സ്റ്റ്ബുക്കു പ്രസ്, തൃക്കാക്കര,
2 കുമാർ പ്രിന്റേഴ്സ്, കൊല്ലം,
3 വിദ്യാരംഭം പ്രസ്, ആലപ്പുഴ,
4 വികടറി പ്രസ്, കുന്നം കുളം.

അംഗൻവാടി ജീവനക്കാർക്ക് നല്കുന്ന ഓണറേറിയം

* 26 [26] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കണാരൻ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. സി. ഡി. എസ്. ന്റെ കീഴിലുള്ള അംഗൻവാടികളിലെ ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ഓണറേറിയം എത്രരൂപ നിരക്കിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly